സംശയിച്ചുവരുന്നു. വെള്ളി ഒളിവിൽ പോയതിനാൽ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ടിയാനെ കണ്ടെത്തുന്നതിനായി ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

(ഡി) ഇല്ല.

(ഇ) ഇല്ല. കൊലപാതകവുമായി ബന്ധപ്പെട്ട് സംശയിക്കുന്ന 'വെള്ളി' ഒളിവിൽ പോയതിനാൽ പോലീസിന് കസ്റ്റഡിയിൽ എടുത്ത് ചോദ്യം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

അമരംപലത്ത് പോലീസ് സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി

75 (1544) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

നാല് പഞ്ചായത്തുൾപ്പെടുന്ന നിലമ്പൂർ പോലീസ് സ്റ്റേഷൻ ഏരിയ വിസ്തൃതമായതിനാൽ കരുളായി, അമരംപലം പഞ്ചായത്തുകളെ ഉൾപ്പെടുത്തി അമരംപലത്ത് ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

ഇതു സംബന്ധിച്ച നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

സംസ്ഥാനത്ത് താമസിക്കുന്ന വിദേശ പൗരന്മാരും സംസ്ഥാനം സന്ദർശിച്ച വിദേശ പൗരന്മാരും

76 (1545) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ സംസ്ഥാനത്ത് താമസിക്കുന്ന വിദേശ പൗരന്മാർ എത്ര പേരാണെന്നും അവർ ഏതെല്ലാം രാജ്യക്കാരാണെന്നും വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വിദേശ പൗരന്മാർ സംസ്ഥാന മന്ത്രിമാരുടെ അതിഥികളായി എത്തിയിട്ടുണ്ടെന്നും എത്ര വിദേശ പൗരന്മാർ സംസ്ഥാന മന്ത്രിമാരെ സന്ദർശിച്ചിട്ടുണ്ടെന്നും അവർ ആരൊക്കെയാണെന്നും വെളിപ്പെടുത്തുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സ്ഥിരമായി താമസിക്കുന്നവരും മതിയായ രേഖകൾ ഇല്ലാത്തവരുമായ വിദേശ പൗരന്മാർ ആരൊക്കെയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര പേരാണെന്നും ഏതൊക്കെ രാജ്യക്കാരാണെന്നും വെളിപ്പെടുത്തുമോ ?.

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly